"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം -കോഴിക്കോട് കൊടുവള്ളി പെർഫോമൻസ് ഓഡിറ്റ് യൂണിറ്റിലെ സീനിയർ ക്ലർക്കായ ശ്രീ.ബ്രിജ് മോഹൻ.കെ യ്ക്ക് സീനിയർ ക്ലർക്ക് തസ്തികയിൽ നോഷണലായി പ്രൊമോഷൻ അനുവദിക്കുന്നതിന്- അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.454/2023/LSGD തീയതി,തിരുവനന്തപുരം, 22-02-2023

---

പരാമർശം:- 1. ശ്രീ.ബ്രിജ് മോഹൻ.കെ യുടെ അപേക്ഷ.

2. പഞ്ചായത്ത് ഡയറക്ടറുടെ 17/09/2022 ലെ ഇ9-14758/19 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് കൊടുവള്ളി പെർഫോമൻസ് ഓഡിറ്റ് യൂണിറ്റിലെ സീനിയർ ക്ലർക്കായ ശ്രീ.ബ്രിജ് മോഹൻ.കെ യ്ക്ക് സീനിയോറിറ്റി പുനഃക്രമീകരിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു.

2. ശ്രീ.ബ്രിജ് മോഹൻ.കെ 17.12.1997 തീയതിയിൽ പഞ്ചായത്ത് വകുപ്പിൽ ക്ലർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചു. ടിയാൻ 1999 ജൂണിൽ Manual of office Procedure -ഉം 2003 ഡിസംബറിൽ സ്ഥാനക്കയറ്റത്തിനാവശ്യമായ പരീക്ഷകളും വിജയിച്ചിട്ടുണ്ട്. ടിയാന്റെ നിരീക്ഷണ കാലാവധി 17.12.2000 തീയതി പ്രാബല്യത്തിൽ പൂർത്തീകരിച്ച് 07.10.2011 ന് ഉത്തരവായിട്ടുള്ളതും അതിൻ പ്രകാരം 09.07.2012-ൽ സീനിയർ ക്ലർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ളതുമാണ്. ടിയാൻ പരീക്ഷാ യോഗ്യത നേടിയതിന്റെ അടിസ്ഥാനത്തിൽ 2004 വർഷം മുതലുള്ള സീനിയോറിറ്റിയും തുടർ സ്ഥാനക്കയറ്റങ്ങളും മുൻകാല പ്രാബല്യത്തിൽ അനുവദിക്കണമെന്നു കാണിച്ച് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു കോഴിക്കോട് കൊടുവള്ളി പെർഫോമൻസ് ഓഡിറ്റ് യൂണിറ്റിലെ സീനിയർ ക്ലർക്കായ ശ്രീ.ബ്രിജ് മോഹൻ.കെ യുടെ പ്രൊബേഷൻ 17.12.2000 തീയതി പ്രാബല്യത്തിൽ പൂർത്തിയായതായി ടിയാന്റെ നിയമനാധികാരിയായ പഞ്ചായത്ത് ഡയറക്ടർ 17/10/2011 ൽ ഉത്തരവു പുറപ്പെടുവിച്ചിരിക്കുന്ന സാഹചര്യത്തിൽ ടിയാന്റെ തൊട്ടു ജൂനിയർക്ക് സീനിയർ ക്ലാർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച തീയതി പ്രാബല്യത്തിൽ, സീനിയർ ക്ലാർക്ക് തസ്തികയിൽ ശമ്പളത്തിന്റേയും ആനുകൂല്യങ്ങളുടേയും കുടിശികയ്ക്ക് അർഹതയുണ്ടായിരിക്കുന്നതല്ല എന്ന വ്യവസ്ഥയിൽ, നോഷണൽ പ്രൊമോഷൻ അനുവദിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

ഡയറക്ടർ, തസ്വഭവ(റൂറൽ), തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട് (ഡയറക്ടർ, തസ്വഭവ(റൂറൽ) മുഖേന).
സെക്രട്ടറി, കൊടുവള്ളി പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ്, കോഴിക്കോട് (ഡയറക്ടർ, തസ്വഭവ(റൂറൽ) മുഖേന).
ശ്രീ.ബ്രിജ് മോഹൻ.കെ, സീനിയർ ക്ലാർക്ക് കൊടുവള്ളി പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ്, കോഴിക്കോട് (ഡയറക്ടർ, തസ്വഭവ(റൂറൽ) മുഖേന).
ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പ്
ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ ) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്(178/ഇപിഎ1/2018/തസ്വഭവ നമ്പർ ഫയൽ).

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
Date: 23-02-2023 16:34:19
സെക്ഷൻ ഓഫീസർ